**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ അയർകുന്നം ഗ്രാമപഞ്ചായത്ത് - 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5-ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.3943/15/തസ്വഭവ. തിരുവനന്തപുരം,തീയതി: 31/12/15

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 20/01/2015-ലെ എം3-14716/13 നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21/04/2015-ലെ LF/3594/PT1/2015 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ അയർകുന്നം ഗ്രാമ പഞ്ചായത്തിന്റെ 2007-2008 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ' സമഗ്രനാളീകേരവികസനം ' എന്ന പദ്ധതി പ്രകാരം കേടായ തെങ്ങ് വെട്ടിമാറ്റുന്നതിനായി ചെലവുചെയ്ത 2,97,750 രൂപ ( രണ്ടു ലക്ഷത്തിതൊണ്ണൂറ്റി ഏഴായിരത്തിഎഴുന്നൂറ്റിഅൻപത് രൂപ മാത്രം ) ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു .

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 25/02/2015 ലെ 4 (1) -ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് . കർഷകർക്ക് കേടായ തെങ്ങ് വെട്ടിമാറ്റുന്നതിനായി തെങ്ങൊന്നിന് 250 രൂപാ വെച്ച് നൽകിയത് തൽസ്ഥാനത്ത് പുതിയ തെങ്ങിൻതൈ നടുന്നതിനാണെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഡയരക്ടറുടെയും ശുപാർശകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്നാണ് ആഡിറ്റ് അഭിപ്രായപ്പെട്ടിട്ടുള്ളത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശിതപദ്ധതിക്കായി വകയിരുത്തിയ തെങ്ങൊന്നിന് 250 രൂപ എന്നത് തുച്ഛമായ തുകയാണ് എന്ന് മോണിറ്ററിംഗ് കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട് . പ്രസ്തുതആഡിറ്റ് പരാമർശത്തിന്മേൽ നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ അയർകുന്നം ഗ്രാമപഞ്ചായത്തിൻറെ 2007-2008 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 2,97,750 രൂപയ്ക്ക്( രണ്ടു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എഴുനൂറ്റി അമ്പത് രൂപ മാത്രം ) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, കോട്ടയം
സെക്രട്ടറി, അയർകുന്നം ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ